LANGUAGE, LITERATURE, AND CULTURAL STUDIES

# 'അർത്ഥകാമ' - അന്തഃസംഘർഷങ്ങളുടെ ഭൂമിക

**ജോഫി റാഫി**
അധ്യാപിക
വിമല കോളേജ്
തൃശ്ശൂർ
E-mail: jophyraphy29@gmail.com

**സംഗ്രഹം**

മലയാള നോവൽ സാഹിത്യത്തിന്റെ എഴുത്തിടങ്ങളിലേക്ക് പുതിയ വായനാനുഭൂതിയുടെ ചായക്കൂട്ടുകൾ ചേർത്തുവെച്ച എഴുത്തുകാരിയാണ് ലിസി. നഗരജീവിതത്തിന്റെ വിഹ്വലതകളെ അവതരിപ്പിച്ച ആദ്യനോവലായ 'മുംബൈ', മനുഷ്യന്റെ ആസക്തികളെയും ആഹ്ലാദ - നിരാശകളെയും ബൈബിൾക്കഥാസന്ദർഭങ്ങളെ അവലംബിച്ച് ആവിഷ്കരിച്ച 'വിളനിലങ്ങൾ', പാപമെന്ന പ്രഹേളികയുടെ ഉത്തരം തേടുന്ന 'വിലാപ്പുറങ്ങൾ' എന്നിങ്ങനെ തന്റെ സവിശേഷമായ രചനാരീതികൊണ്ട് വായനക്കാരുടെ ഹൃദയഭൂപടങ്ങളിൽ ഇടംനേടിയ എഴുത്തുകാരിയാണ് ലിസി. ബാങ്കിങ് മേഖലയിലെ തന്റെ ദീർഘമായ ജീവിതാനുഭവങ്ങളെ രചനാസങ്കേതമാക്കിക്കൊണ്ട് 2024 ൽ എഴുതിയതാണ് 'അർത്ഥകാമ' എന്ന നോവൽ. പുരുഷാർത്ഥങ്ങളായ ധർമ്മം, അർത്ഥം, കാമം, മോക്ഷം എന്നിവയിൽനിന്നും അർത്ഥത്തെയും കാമത്തെയും ആധാരമാക്കിയാണ് രചന. ബാങ്കിങ് മേഖലയിലെ സങ്കീർണ്ണമായ തട്ടിപ്പുകളാണ് 'അർത്ഥകാമ'യുടെ പശ്ചാത്തലം. പരസ്പരം മത്സരിക്കുകയും കുതികാലുവെട്ടുകയും അപായപ്പെടുത്തുകയും ചെയ്യുന്ന ബാങ്കുദ്യോഗസ്ഥരുടെ ഉള്ളുകളികളും അവരുടെ ജീവിതാവസ്ഥകളും പ്രണയവും രതിയുമെല്ലാം സമാന്തരമായി നോവലിൽ ചിത്രീകരിക്കപ്പെടുന്നു. ഫ്രോയിഡിന്റെയും കരൺ ഹോണിന്റെയും മാനസികാപഗ്രഥനപഠനങ്ങളുടെ അടിസ്ഥാനത്തിൽ ഹർഷവർമ്മ എന്ന കേന്ദ്രകഥാപാത്രത്തിന്റെ അന്തഃസംഘർഷങ്ങളെ മുൻനിർത്തിയാണ് പ്രബന്ധരചന നിർവ്വഹിച്ചിരിക്കുന്നത്.

**താക്കോൽവാക്കുകൾ:** അന്തഃസംഘർഷം, ന്യൂറോസിസ്, പുരുഷാർത്ഥങ്ങൾ, അർത്ഥം, കാമം


ISSN: 2582 - 2594

**ആമുഖം**

നൂതനമായ സൃഷ്ടിയിലേർപ്പെടുന്ന ഏതെഴുത്തുകാരും അന്തഃസംഘർഷത്തിന്റെ വിവിധ തലങ്ങളെ അനുഭവിക്കുന്നവരായിരിക്കും. താൻ എഴുതുന്ന കൃതികളിലെ കഥാപാത്രങ്ങളിലൂടെയാണ് എഴുത്തുകാരുടെ അന്തഃസംഘർഷം വെളിപ്പെടുന്നത്. സത്യവും മിഥ്യയും വേർതിരിച്ചെടുക്കാനാവാത്ത ഭ്രമാത്മക നിമിഷങ്ങളുടെ വെളിപാടുകളാണ് തന്റെ നോവലിന്റെ അടിസ്ഥാനമെന്ന് 'അർത്ഥകാമ'യുടെ ആമുഖത്തിൽ എഴുത്തുകാരി വ്യക്തമാക്കുന്നുണ്ട് (ലിസി, 2024:7). ഹർഷ വർമ്മ, സാംജോൺ എന്നീ കഥാപാത്രങ്ങളുടെ അന്തഃസംഘർഷങ്ങളിലൂടെയാണ് 'അർത്ഥ കാമ' എന്ന നോവൽ പുരോഗമിക്കുന്നത്. മുംബൈയിലുള്ള ഒരു ദേശസാത്കൃത ബാങ്കിന്റെ ഹോമി മോദി ശാഖയുടെ മേധാവിയായ ഹർഷവർമ്മയിലൂടെയാണ് നോവൽ ആരംഭിക്കുന്നത്. ശാഖയോടു ചേർന്നുള്ള കറൻസി ചെസ്റ്റിലെ കാവൽക്കാരന്റെ കയ്യിലെ തോക്ക് അബദ്ധത്തിൽ പൊട്ടി ഉദ്യോഗസ്ഥയായ പ്രിയംവദ കൊല്ലപ്പെടുന്നു. അതൊരു കൈയ്യബദ്ധമാണെന്നാണ് ഏവരും കരുതുന്നത്. പക്ഷെ, ആ മരണം നേരിൽ കാണാനിടയായതിന്റെ ആഘാതത്തിൽ ജോലി രാജിവെക്കുന്ന ഹർഷയ്ക്കു പകരം ശാഖാമേധാവിയായി നിയമിതനായ സാം ജോണിനുണ്ടാകുന്ന സംശയങ്ങളും അദ്ദേഹത്തിന്റെ ചില കണ്ടെത്തലുകളുമാണ് പിന്നീട് കഥാഗതിയെ ചടുലമാക്കുന്നത്. ദിനകരൻ, ദേവദാസ്, രുദ്രാ ദേവി, ശീതൾ, പ്രിയംവദ, ദിനേഷ് മേത്ത, പത്മ, ഗൺമാൻ മഹേന്ദ്രസിങ് എന്നിവരുടെയെല്ലാം കഥകൾ നോവലിൽ വിവിധ അടരുകളെന്നോണം സമന്വയിച്ചിരിക്കുന്നു.

**അന്തഃസംഘർഷത്തിന്റെ തീവ്രത നോവലിൽ**

മനുഷ്യന്റെ അഭിലാഷങ്ങളും യാഥാർത്ഥ്യവും തമ്മിൽ നിരന്തരമായി ഇടയുമ്പോഴാണ് അന്തഃസംഘർഷം രൂപംകൊള്ളുന്നത്. ഇവയ്ക്ക് ആന്തരികവും ബാഹ്യവുമായ ഘടകങ്ങൾ കാരണമായേക്കാം. മനുഷ്യന്റെ അബോധമനസ്സിന്റെ അപഗ്രഥനം അന്തഃസംഘർഷത്തെക്കുറിച്ചുള്ള പുതിയ ചിന്തകളിലേക്കു വഴിതെളിക്കുന്നു എന്ന് സിഗ്മണ്ട് ഫ്രോയിഡ് രേഖപ്പെടുത്തുന്നുണ്ട് (1955:128). മനുഷ്യമനസ്സിന്റെ അടിസ്ഥാനഘടന തന്നെ സംഘർഷവുമായി ബന്ധപ്പെട്ടതാണെന്ന് ഫ്രോയിഡ് വിലയിരുത്തുന്നു. കരൺ ഹോണി എന്ന മനശ്ശാസ്ത്രജ്ഞയും മാനസികാപഗ്രഥനപഠനങ്ങളിൽ മനുഷ്യന്റെ അന്തഃസംഘർഷത്തിനുള്ള പങ്കിനെക്കുറിച്ച് അഭിപ്രായപ്പെടുന്നുണ്ട്. മാനസികമായ അവ്യവസ്ഥിതികൾക്കു വഴിയൊരുക്കുന്നത് അന്തഃസംഘർഷങ്ങളാണ്. മാനസികമായ സ്വച്ഛതയും സന്തുലിതാവസ്ഥയും അനുഭവിക്കുന്ന ആളല്ല, അന്തഃസംഘർഷം മൂലം തകർക്കപ്പെട്ടവരാണ് ഇത്തരം മാനസിക-അവ്യവസ്ഥകൾക്ക് ഇരയാവുന്നതെന്ന് കരൺ ഹോണി നിരീക്ഷിക്കുന്നു (1945:154). അർത്ഥകാമ എന്ന നോവലിൽ സങ്കീർണ്ണമായ അന്തഃസംഘർഷങ്ങളിലൂടെ കടന്നുപോകുന്ന കഥാപാത്രമാണ് ഹർഷയുടേത്. പ്രതിരോധവും പ്രതികാരവും ഒരുപോലെ കൈകാര്യം ചെയ്യുന്ന ശക്തയായ സ്ത്രീയായി ഹർഷയെ നോവലിൽ പലയിടത്തും കാണാമെങ്കിലും ബാല്യകാലം മുതൽ നേരിട്ട വിവിധ ട്രോമകളും വിഷാദവുമെല്ലാം ഹർഷയെ കൊണ്ടുചെന്നെത്തിച്ചത് ആനന്ദ് ശർമ്മ എന്ന മനോരോഗ വിദഗ്ധനുമുന്നിലാണ്. ഓരോ ട്രോമയിൽനിന്നും അവൾ കരകേറുന്നത് ഡോക്ടർ കുറിച്ചു നൽകുന്ന മരുന്നുകളുടെ ബലത്തിലാണ് എന്നാണ് അവളുടെ അച്ഛനും ശർമ്മ ഡോക്ടറും കരുതുന്നത്. എന്നാൽ താൻ

ഓരോ പ്രതിസന്ധിയെയും നേരിടുന്നത് തന്റെ സ്വതസിദ്ധമായ ആത്മബലത്താലാണെന്നും മറ്റുള്ളവർക്ക് എത്തിപ്പിടിക്കാനാവുന്ന പരിധിയിലല്ല തന്റെ പ്രഭാവലയം എന്നും ഹർഷ ചിന്തിച്ചിരുന്നു. എന്നാൽ അധികാര മോഹസാക്ഷാത്കാരത്തിനു വേണ്ടി മറ്റുള്ളവർക്കെതിരെ കള്ളക്കേസുണ്ടാക്കുകയും തന്നെ പരിഹസിക്കുന്നവരെയും ചൂഷണം ചെയ്യുന്നവരെയും ഭൂമിയിൽ നിന്നുതന്നെ ഇല്ലാതാക്കുകയും ചെയ്യാൻ മടിയില്ലാത്ത ഒരു സ്ത്രീയാണ് ഹർഷയെന്ന് നോവൽ സന്ദർഭങ്ങളിൽനിന്നും വ്യക്തമാണ്. കുഞ്ഞുനാളിൽ തന്നെ അമ്മയെ നഷ്ടപ്പെട്ട ഹർഷ സ്നേഹിക്കപ്പെടാൻ അതിതീവ്രമായി ആഗ്രഹിച്ചിരുന്നു. നിങ്ങളുടെ ലക്ഷ്യമെന്താണെന്ന ബാങ്ക് ട്രെയിനിങ് വേളയിലെ ചോദ്യത്തിന് ''ഐ വാൺടു ബികം... ദ വൺ ആൻഡ് ഓൺലി എം.ഡി. കം സി.ഇ.ഒ ഓഫ് ദിസ് ബാങ്ക്'' (ലിസി, 2024:98) എന്ന് ആത്മവിശ്വാസത്തോടുകൂടി പറഞ്ഞത് ഹർഷ മാത്രമായിരുന്നു. അധികാരത്തോടുള്ള ത്വര ഹർഷയിൽ രൂഢമൂലമായിരുന്നു. നാഷണൽ ബാങ്കിന്റെ ഓഫീസേഴ്സ് ട്രെയിനിങ് പരീക്ഷകളിൽ ഒന്നാമതെത്തിയിരുന്ന സാം ജോൺ എന്ന ചെറുപ്പകാരനോട് തോന്നിയ പ്രണയം, തന്നെ കാലാകാലം പരിരക്ഷിക്കാൻ കെൽപ്പുള്ളവനോട് തോന്നിയ പ്രണയം കൂടിയായിരുന്നു. എന്നാൽ തന്റെ പ്രണയാഭ്യർത്ഥന നിരസിച്ച സാം ജോണിനോടുള്ള വെറുപ്പ് അവളുടെ മാനസികനിലയെ താളം തെറ്റിക്കുകയാണുണ്ടായത്.

### ന്യൂറോട്ടിക് പ്രവണതകൾ ഹർഷ എന്ന കഥാപാത്രത്തിൽ

അംഗീകരിക്കപ്പെടാനും സ്നേഹിക്കപ്പെടാനും ഉള്ള ത്വര, തന്നെ പരിരക്ഷിക്കുന്ന ജീവിത പങ്കാളിയെ ലഭിക്കാനുള്ള ത്വര, അധികാരത്തിനു വേണ്ടിയുള്ള ത്വര, അഭിമാനം കാത്തുസൂക്ഷിക്കാനുള്ള ത്വര എന്നിങ്ങനെ 'ന്യൂറോസിസിന്റെ' മൂലകാരണങ്ങളെയും അതുവഴി രൂപംകൊള്ളുന്ന അന്തഃസംഘർഷങ്ങളെയുംകുറിച്ച് 'അവർ ഇന്നർ കോൺഫ്ലിക്റ്റ്' എന്ന ഗ്രന്ഥത്തിൽ ഹോണി വ്യക്തമാക്കുന്നു. ബാല്യകാലാനുഭവങ്ങളിലൂടെ രൂഢമൂലമാകുന്ന സാംസ്കാരിക വൈഷമ്യങ്ങളാണ് വ്യക്തിയെ ന്യൂറോസിസിലേക്ക് തള്ളിവിടുന്നത്[1] എന്നാണ് അദ്ദേഹത്തിന്റെ അഭിപ്രായം. അബോധമനസ്സിന്റെ സംഘർഷങ്ങളാണ് ഈ 'ന്യൂറോസിസി'ന്റെ അടിസ്ഥാനമായി കരൺ ഹോണി നിരീക്ഷിക്കുന്നത്. 'അർത്ഥകാമ' എന്ന നോവലിലെ ഹർഷ വർമ്മ എന്ന കഥാപാത്രത്തിന്റെ സ്വഭാവചിത്രീകരണത്തിൽ ന്യൂറോസിസിന്റെ മൂലകാരണങ്ങളെ കണ്ടെത്താനാകും. ബാല്യകാലം മുതൽ ഹർഷ അനുഭവിച്ച അബോധ മനസ്സിന്റെ പിടച്ചിലുകളാണ് അവളുടെ അന്തഃസംഘർഷത്തിനു വഴിയൊരുക്കുന്നത്.

പ്രസവിച്ചു വീണ ഉടനെ ശ്വാസമെടുക്കാനാകാതെ നീലച്ച് ഡോക്ടറുടെ നിരന്തരമായ പ്രഹരങ്ങളാൽ വാവിട്ടു കരഞ്ഞ് പുതുജീവനിലേക്ക് കടന്നുവന്നവളാണ് ഹർഷ. ജനനസമയത്തുണ്ടാകുന്ന ഇത്തരം സമ്മർദങ്ങൾ ശിശുവിന്റെ തലച്ചോറിന്റെ വളർച്ചയെയും മാനസിക ഘടനയെയും ബാധിക്കുമെന്ന് ആധുനികവൈദ്യശാസ്ത്രം തെളിയിച്ചിട്ടുണ്ട്. ന്യൂറോസിസിന്റെ കാരണങ്ങളിലൊന്നായി ജനനസമയത്തെ ഈ പ്രഷർ വ്യതിയാനം നിരീക്ഷിക്കപ്പെട്ടിട്ടുണ്ട്. പിന്നീട് അവളുടെ ജീവിതത്തിൽ സംഭവിച്ച ഓരോ ദുരന്തവും അവളുടെ മാനസികാരോഗ്യം തകർക്കുന്നതായി നോവലിൽ ചിത്രീകരിച്ചിട്ടുണ്ടെങ്കിലും അവളുടെ ഓരോ പ്രവൃത്തിയും അവളുടെത്തന്നെ ആന്തരികവൈകല്യത്തിന്റെ പ്രതിഫലനമായിട്ടാണ് നോവലിസ്റ്റ് വികസിപ്പിച്ചെടുക്കുന്നത്. കരാട്ടേ പഠനക്ലാസിലേക്കു പോകുംവഴി തന്നെ കടന്നുപിടിച്ച വ്യക്തിയെ പാ


ISSN: 2582 - 2594

റക്കല്ലുകൊണ്ട് തലയ്ക്കടിച്ച് ഒരു വന്യമൃഗത്തെപ്പോലെയാണ് അവൾ ആക്രമിച്ചത്. അയാളെ അച്ഛന്റെ ഓർഡലിയായ ഉപേന്ദ്രസിങ്ങ് കാലിൽ വലിച്ച് കൊക്കയിലേക്കിടുമ്പോൾ ഹർഷ പുഞ്ചിരിക്കുകയായിരുന്നു. റൈഫിൾ പഠനം പൂർത്തിയാക്കിയ അവൾക്ക് തന്റെ രണ്ടാനമ്മയേയും രണ്ടാനമ്മയുടെ ജാരനെയും വെടിവെച്ചിടാൻ ഒട്ടുംതന്നെ അറപ്പുതോന്നിയിരുന്നില്ല. പതിമൂന്നാം പിറന്നാളിന് അച്ഛൻ വാങ്ങിക്കൊടുത്ത സ്വർണ്ണനിറമുള്ള പിസ്റ്റൾ കൊണ്ട് കൃത്യമായി നിറയൊഴിച്ച ഹർഷ ആ കൊലപാതകങ്ങൾക്കൊട്ടുവിൽ കരഞ്ഞിരുന്നില്ല എന്നതും അവളുടെ ന്യൂറോസിസിന്റെ തീവ്രത മൂലമാണ് എന്നു മനസിലാക്കാം. തനിക്കൊപ്പം നിന്ന സഹപ്രവർത്തകയായ പ്രിയംവദയെ കൊല്ലാനും താൻ ആഗ്രഹിച്ച എം.ഡി. പദവി നഷ്ടപ്പെടാൻ കാരണമായേക്കാവുന്ന സാം ജോണിനെ പെണ്ണുകേസിൽ കുടുക്കാനും ഹർഷയുടെ ക്രൂരമായ കൈകൾക്ക് ഒട്ടും മടിയുണ്ടായിരുന്നില്ല. കരൺ ഹോണി നിരീക്ഷിക്കുന്നതുപോലെ മറ്റുള്ളവരെ ചൂഷണം ചെയ്യാനും തനിക്കുവേണ്ടി ഉപയോഗപ്പെടുത്താനുമുള്ള 'ന്യൂറോട്ടിക്' പ്രവണതയാണ് ഹർഷ എന്ന കഥാപാത്രത്തിലുടനീളം അനാവൃതമാകുന്നത്.

ഒരു വ്യക്തിയുടെ ജനനം മുതൽ നാളിതുവരെയുള്ള ജീവിതസംഭവങ്ങളെ മാനസികാപഗ്രഥനം വഴി മനസിലാക്കിയാണ് ഹോണി തന്റെ ചിന്തയെ ബലപ്പെടുത്തുന്നത്. ബാല്യകാലത്ത് നേരിടേണ്ടി വരുന്ന അവഗണന, ഒറ്റപ്പെടൽ മുതലായവ ഒരു കുഞ്ഞിന്റെ വ്യക്തിത്വ വികസനത്തെ ബാധിക്കുകയും തനിക്ക് ചുറ്റിലുമുള്ള സംഭവവികാസങ്ങൾ ആത്മവഞ്ചനാപരമാണെന്ന് തോന്നുകയും ചെയ്യുന്നു. ഇപ്രകാരം തന്റേതായ ബലഹീനതകൾകൊണ്ട് ആ വ്യക്തി, ലോകത്തെ നേരിടാൻ സ്വയം തന്ത്രങ്ങൾ രൂപവൽക്കരിക്കുകയും ചെയ്യുന്നു. ഇത് താൽക്കാലികമല്ലാത്ത സ്ഥിരാവസ്ഥയായി മാറുന്നതോടെ അതൊരു 'ന്യൂറോട്ടിക്' പ്രവണതയായി മാറുന്നു. ഇങ്ങനെ വളർച്ച പ്രാപിക്കുന്ന ഒരു കുട്ടിയുടെ വ്യക്തിത്വം ഒന്നുകിൽ ജനങ്ങളിലേക്ക് അടുക്കുക (moving towards people) അല്ലെങ്കിൽ ജനങ്ങളിൽനിന്ന് അകലുക (moving away from people) അതുമല്ലെങ്കിൽ ജനങ്ങൾക്ക് എതിരായി നീങ്ങുക (moving against people) എന്നതാണെന്ന് കരൺ ഹോണി നിരീക്ഷിക്കുന്നു. ജനങ്ങളോടൊപ്പം നീങ്ങുന്നവരുടെ വ്യക്തിത്വം സ്വാഭാവികമായും സ്നേഹത്തിനും അംഗീകാരത്തിനും വേണ്ടിയുള്ള ത്വരയുള്ളതായിരിക്കും. ജനങ്ങൾക്ക് എതിരായി നിൽക്കുന്ന വ്യക്തിക്ക് മറ്റുള്ളവരെല്ലാവരും തന്റെ ശത്രുക്കളാണെന്ന തോന്നലുണ്ടാകുന്നു. എന്നാലും അവരെ ചൂഷണം ചെയ്യാനും തനിക്കുവേണ്ടി ഉപയോഗപ്പെടുത്താനും ആ വ്യക്തി ശ്രമിക്കുന്നു. ജനങ്ങളിൽനിന്ന് അകലുന്ന വ്യക്തി മറ്റുള്ളവരുമായ ബന്ധത്തെ പരമാവധി നിരുത്സാഹപ്പെടുത്തുകയും ഏകാന്തതയെ കാംക്ഷിക്കുകയും ചെയ്യുന്നു. മേൽപ്പറഞ്ഞ മൂന്നു പ്രവണതകളും ഒരു വ്യക്തിയിൽ തന്നെ സംഭവിക്കുമ്പോൾ അത് രൂക്ഷമായ അന്തഃസംഘർഷങ്ങൾക്ക് വഴിയൊരുക്കുന്നു. കൂടാതെ സ്വയം ഉന്നതനാണെന്ന് ഭാവിക്കാൻ അയാൾ ശ്രമിക്കുകയും ചെയ്യുന്നു. ഒരേസമയം ജനങ്ങളിലേക്ക് അടുത്തും ജനങ്ങളിൽ നിന്ന് അകന്നും, ജനങ്ങൾക്ക് എതിരായും തീവ്രമായ അന്തഃസംഘർഷങ്ങളിലൂടെ ഹർഷയുടെ കഥാപാത്രം നോവലിൽ വിരാജിക്കുന്നു. ഹർഷ എന്ന വ്യക്തിയെയും അവൾക്കു ചുറ്റുമുള്ള മനുഷ്യരെയും ഒരുപോലെ തകർക്കുന്ന ഒന്നായി അവളുടെ അന്തഃസംഘർഷം രൂപപ്പെടുന്നു.

'ആകാംക്ഷ വിട്ടൊഴിയുന്നില്ല, ആധിയും' (ലിസി, 2024:11) എന്ന ഒരൊറ്റ വാചകത്തിലൂടെ ഹർഷ എന്ന കഥാപാത്രത്തിന്റെ മാനസികവ്യാപാരങ്ങളെ എഴുത്തുകാരി ചിത്രീകരിക്കുന്നു.

അന്തഃസംഘർഷത്തിനുള്ള ഒരു പ്രധാനകാരണം ഉദ്വേഗം (Anxiety) ആണെന്ന് ഫ്രോയിഡ് കണ്ടെത്തുന്നുണ്ട് (1962:182). ഇതേ ഉദ്വേഗത്തിന്റെ വിവിധ തലങ്ങളാണ് ഹർഷയുടെ മാനസിക വ്യാപാരത്തെ നിർമ്മിക്കുന്നത്. മൂന്നു തരം ഉദ്വേഗങ്ങളാണ് ഫ്രോയിഡ് അവതരിപ്പിക്കുന്നത്. മനുഷ്യനുണ്ടാകുന്ന യഥാർത്ഥമായ ഉദ്വേഗം (Reality Anxiety), മനുഷ്യൻ തന്റെ നിയന്ത്രണങ്ങൾ ലംഘിച്ച് ശിക്ഷാർഹമായ എന്തെങ്കിലും ചെയ്യുമ്പോൾ ഉണ്ടാകുന്ന ന്യൂറോടിക് ഉദ്വേഗം (Neurotic Anxiety), തെറ്റു ചെയ്യുന്നതിനെതിരെയുള്ള ഉപബോധമനസ്സിന്റെ ധാർമ്മിക ഉദ്വേഗം (Moral Anxiety) എന്നിവയാണവ. ഹർഷ എന്ന കഥാപാത്രത്തിനുള്ള നിരന്തരമായ മരണഭയം, തന്റെ ഉയർച്ചക്കു തടസ്സം നിൽക്കുന്നവരെ ഇല്ലാതാക്കാനുള്ള ക്രൗര്യത നിറഞ്ഞ മനോഭാവം, താൻ ഇല്ലാതാക്കിയവരുടെ കുടുംബങ്ങളെ ഓർത്തുള്ള അർത്ഥരഹിതമായ വ്യഥ എന്നിങ്ങനെ വിവിധ ഉദ്വേഗങ്ങൾ ഹർഷയുടെ അന്തഃസംഘർഷങ്ങളെ കൂടുതൽ സങ്കീർണ്ണമാക്കുന്നു.

**നോവലിലെ പുരുഷാർത്ഥ ചിന്തകൾ**

ബാങ്കിങ് മേഖലയിലെ അധോലോക പ്രവണതകളെയും സംഘർഷങ്ങളെയും ശക്തമായ ഭാഷയിൽ അവതരിപ്പിക്കുന്ന നോവലാണ് 'അർത്ഥകാമ'. കൂടുതൽ ലാഭം എന്ന വാണിജ്യതന്ത്രത്തിലേക്ക് വ്യാപാര-വ്യവസായമേഖല ഉന്നംവെക്കുമ്പോൾ ബാങ്കിങ് നിയമങ്ങളെ മറികടക്കാനും നിലവിലുള്ള ബാങ്ക് ചട്ടങ്ങളെ വളച്ചൊടിക്കാനും പാകത്തിലുള്ള ബാങ്ക് ഉദ്യോഗസ്ഥർ കടന്നുവരുന്നു. അതിലൊന്നും ഉൾപ്പെടാത്തവർ ചില പ്രത്യേക കോക്കസുകളുടെ ഇരകളാകുന്നു. നോവലിലെ സാം ജോണിന്റെ കഥാപാത്രം ഇത്തരത്തിലൊന്നാണ്. ബാങ്ക് ജീവനക്കാർക്കിടയിലെ അർത്ഥകാമങ്ങൾ നോവലിന്റെ ബൃഹത്തായ രചനാ പശ്ചാത്തലമാകുമ്പോൾ പുരുഷാർത്ഥങ്ങളിൽ ധർമ്മമോക്ഷങ്ങളെ  കയ്യാളാൻ കരുത്തുള്ള ഒരേയൊരു കഥാപാത്രമായി നിലകൊള്ളുന്നത് സാം ജോൺ ആണ്. കേരളത്തിലെ ഒരു ചെറിയ ഗ്രാമത്തിന്റെ നിഷ്കളങ്കതയിലും കുർക്കപ്പെരുന്നാളിന്റെ സമ്പന്നതയിലും ജീവിച്ച ആ വ്യക്തി ബോംബെയെന്ന നഗരജീവിതത്തിന്റെ കുടിലതകളിലേക്കാണ് പ്രവേശിക്കുന്നത്. പ്രണയവും മരണവുമായ ഹർഷയുടെ മടിയിൽക്കിടന്ന് മരിക്കുമ്പോഴും സാം ജോണിന്റെ മനസ്സും സംഘർഷഭരിതമായിരുന്നു. നീതിയുടെ പക്ഷത്തു നിൽക്കുന്ന ഒരു ബാങ്കുദ്യോഗസ്ഥന്റെ അനീതിയോടുള്ള അമർഷം അയാളുടെ അന്തഃസംഘർഷത്തെ സുദൃഢമാക്കുന്നു. ഭാരതീയ ദർശനങ്ങളിലെ പുരുഷാർത്ഥ സങ്കല്പങ്ങളിൽ അർത്ഥവും ധർമ്മവും വഴിയും കാമവും മോക്ഷവും ലക്ഷ്യങ്ങളാണ്. അർത്ഥത്തിന്റെ വഴി പിന്തുടരുന്നവർ കാമത്തെയാണ് ലക്ഷ്യമായി കരുതുന്നത്. എന്നാൽ മോക്ഷത്തിലേക്കുള്ള വഴി ധർമ്മം മാത്രമാണ്. ഈ ധർമ്മപാലനം അപൂർവ്വതയായി മാറുന്ന ആധുനിക ലോകത്തിൽ അർത്ഥകാമങ്ങളുടെ ചതുരംഗപലകയിലാണ് കഥാകൃത്ത് നോവൽ പ്രപഞ്ചം ഒരുക്കുന്നത്. അവിടെ രാജസ്ഥാനത്തു നിൽക്കുന്നത് ഹർഷയാണെങ്കിൽ ആ ചതുരംഗകളത്തിൽനിന്നും തെന്നിമാറുന്ന ധർമ്മബോധത്തിന്റെ സൂക്ഷ്മാടയാളമാണ് സാം ജോൺ.

ധനസമ്പാദനത്തിന്റെ ആവശ്യകതയെക്കുറിച്ചുള്ള ചാണക്യസൂത്രം ചൊല്ലിക്കൊണ്ടാണ് എം.ഡി. ആൻഡ് സി.ഇ.ഒ ആയി അവരോധിക്കപ്പെട്ട ദിവസത്തെ പ്രസ് മീറ്റ് ഹർഷ അവസാനിപ്പിക്കുന്നത്. 'ആപത്തു വരുമ്പോൾ രക്ഷക്കായും പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായും പണം കരുതിവെക്കേണ്ടതുണ്ട്. സമ്പത്തുണ്ടെങ്കിലേ കുഴപ്പങ്ങൾ നേരിടാനാകൂ... എന്നാൽ ധനസമ്പാദനം നേരായ മാർഗ്ഗത്തിലൂടെ ആയിരിക്കണം. നേരായ മാർഗ്ഗത്തിൽ സമ്പാദിക്കു


ISSN: 2582 - 2594

അതിന്റെ സുരക്ഷ ഞങ്ങളെ ഏൽപ്പിക്കു...' (പുറം: 478) എന്ന വാചകത്തോടെ ഹർഷ പറഞ്ഞവസാനിപ്പിക്കുമ്പോൾ തന്റെ അധികാരം തുടരാൻ നാളിതുവരെ ചെയ്ത അധർമ്മങ്ങളെക്കുറിച്ച് ഹർഷ ചിന്തിക്കുന്നേയില്ല. സ്വയം സംരക്ഷിക്കേണ്ടി വരുമ്പോൾ സമ്പാദിച്ച ധനവും സംരക്ഷണയിലിരിക്കുന്നവരെയും ഉപേക്ഷിക്കാമെന്ന ചാണക്യതന്ത്രമാണ് ഹർഷ യഥാർത്ഥത്തിൽ പിന്തുടരുന്നത്.

### ഉപസംഹാരം

രണ്ടു പുരുഷാർത്ഥങ്ങളെ പ്രമേയമാക്കി എഴുതപ്പെട്ട നോവലിൽ ധനവും കാമവും ഒരു നാണയത്തിന്റെ ഇരുവശങ്ങളെന്നോണം പ്രസക്തമാവുന്നു. യാഥാർത്ഥ്യവും ഭ്രമകല്പനയും ഇടകലർന്നുള്ള ആഖ്യാനശൈലിയിൽ മിഥ്യയും തഥ്യയും തമ്മിലിടയുകയും കഥാപാത്രങ്ങളുടെ അന്തഃസംഘർഷങ്ങൾ കഥാഗതിയെ നിയന്ത്രിക്കുകയും വികസിപ്പിക്കുകയും ചെയ്യുന്നു. എഴുത്ത് എന്നതിനെ ഒരു സത്യാന്വേഷണമായി കരുതുന്ന എഴുത്തുകാരിയുടെ സത്യാന്വേഷണത്തിന്റെ പൂർത്തീകരണമാണ് 'അർത്ഥകാമ' എന്ന നോവൽ. സ്വന്തം തൊഴിൽമേഖലയെ എഴുത്തിലേക്ക് കൊണ്ടുവരുന്ന പതിവ് മലയാള സാഹിത്യത്തിന് പരിചിതമാണ്. താനുൾപ്പെടുന്ന മേഖലയിൽ പൂർണമായ സത്യസന്ധത കൈവരിച്ച ഒരാൾക്കു മാത്രമേ അത്തരമൊരു എഴുത്ത് സാധ്യമാവുകയുള്ളൂ. അതുകൊണ്ടു തന്നെയാണ് 'പണത്തിനു മീതേ പറക്കുന്ന പരുന്തുകൾ' എന്ന് ആമുഖത്തിൽ എഴുത്തുകാരി ബാങ്കിടത്തിലെ സ്വന്തം സ്ഥാനത്തെ അടയാളപ്പെടുത്തുന്നത്. ബ്യൂറോക്രസിയ്ക്കുള്ളിലെ അധികാര ധാർഷ്ട്യങ്ങളും ചതിയും നേരും നെറിയും തമ്മിലുള്ള ആഭ്യന്തര യുദ്ധങ്ങളും കഥാപാത്രങ്ങളുടെ സങ്കീർണ്ണമായ അന്തഃസംഘർഷങ്ങളും 'അർത്ഥകാമ' എന്ന നോവലിനെ സമകാല പ്രസക്തമാക്കുന്നു.

### അടിക്കുറിപ്പുകൾ

1. The person who is likely to become neurotic is who has experienced the culturally determined difficulties in an accentulated form mostly through medium of childhood expert (Karen Horney, Neurotic personality of our time, Norton &Co., Newyork, 1937, p.70)
2. ന്യൂറോസിസ് - വ്യക്തികൾ അനുഭവിക്കുന്ന വൈകാരിക ക്ലേശം നിറഞ്ഞ മാനസികാവസ്ഥകളെ സൂചിപ്പിക്കാൻ ഉപയോഗിക്കുന്ന പദം.

### സഹായകഗ്രന്ഥങ്ങൾ

1. ലിസി, അർത്ഥകാമ, മാതൃഭൂമി ബുക്സ്, കോട്ടയം, 2024.
2. Freud Sigmand, Introductory lectures on Psycho analysis,George Allan & unwin ltd, London, 1962.
3. Horney Karen, Our inner conflicts, Routledge & Kegan paul ltd, London, 1945.